പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3187 20/06/2014- ൽ മറുപടിക്ക്

## വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നവർക്ക് സഹായം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി.രവീന്ദ്രനാഥ്: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നാടൻ ഇനമായ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നവർക്ക് പ്രത്യേക സഹായം എന്തെങ്കിലും നൽകുന്നുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | എ) യും ബി) യും<br>മൃഗസംരക്ഷണ വകുപ്പിലൂടെ നാടൻ ഇനമായ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നവർക്ക് പ്രത്യേക സഹായമൊന്നും നൽകുന്നില്ല. എന്നാൽ കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് മുഖേന വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നതിനും അവയെ പ്രചരിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നാടൻ ജനുസുക്കളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ പ്രജനന മേഖലകളിൽ ഇവയെ വളർത്തുന്ന കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ പരിപാലന ചെലവുകൾക്കായി **7500/-** രൂപ ഒറ്റത്തവണ ധനസഹായം, വിവിധ പദ്ധതികളിൽപ്പെടുത്തി ബോർഡ് നൽകുന്നു. ശുദ്ധ ജനുസ്സുകളിൽപ്പെട്ട നാടൻജനുസ് കന്നുകാലികളെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രമേ ധന സഹായം നൽകുകയുള്ളൂ. കൂടാതെ ഈ കർഷകരെ ബോർഡ് രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നൽകുന്നു.<br><br>കൂടാതെ ഈ ഇനത്തിൽപ്പെട്ട വിത്തുകാളകളെ വളർത്തുന്ന കർഷകരിൽ നിന്നും ബോർഡ്, ജനുസ്സിന്റെ തനതു ഗുണങ്ങളുള്ളവയെ പരിശോധിച്ച് തെരെഞ്ഞെടുക്കുന്നു. കർഷകർക്ക് ന്യായമായ വില നൽകി അവയെ ബോർഡിന്റെ ഫാമിൽ കൊണ്ടു വന്ന് പരിപാലിക്കുന്നു. രോഗരഹിതമെന്ന് പരിശോധനയിൽ തെളിയുന്ന വിത്തു കാളകളെ ധോണി ബുൾസ്റ്റേഷൻ (പാലക്കാട് ജില്ല), കുളത്തുപുഴ ബുൾസ്റ്റേഷൻ (കൊല്ലം ജില്ല) |

എന്നിവിടങ്ങളിലേയ്ക്ക് മാറ്റി അവയിൽ നിന്ന് ഗാഢശിതീകരിച്ച ബീജം ഉല്പാദിപ്പിക്കുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ബീജമാത്രകൾ തെരെഞ്ഞെടുക്കപ്പെട്ട കൃത്രിമ ബീജധാന കേന്ദ്രങ്ങൾ വഴി ഇതേ ഇനം പശുക്കളിൽ ഉപയോഗിക്കുന്നതിനുവേണ്ടി സൗജന്യമായി വിതരണം ചെയ്തു വരുന്നു.

കൂടാതെ വംശനാശം നേരിടുന്ന ജനുസ്സുകളെ സംരക്ഷിക്കുന്ന സംഘടനകൾക്കും മറ്റു വിഭാഗക്കാർക്കും കേന്ദ്രത്തിന്റെ **100%** ധനസഹായ പദ്ധതിയായ "വംശംനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം" എന്ന പദ്ധതിയിൽ പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശമുണ്ട്.

സെക്ഷൻ ഓഫീസർ